# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കതിരൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9./1502/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 08/02/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കതിരൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9./1502/2021 തീയ്യതി: 08/02/2022

## കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 10-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബാബുരാജ് എം(ഓഡിറ്റ് ഓഫീസർ ഹ ഗ്രേ )

ശ്രീമതി. വിപിന വത്സരാജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )

ശ്രീമതി. സുമതി ടി.ഒ (സീനിയർ ഗ്രേഡ് ഓഡിറ്റർ )

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.എം ഷീബ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| സനിൽ വി വി | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| സുജിത്ത് കുമാർ പി | സെക്രട്ടറി | 01-04-2020 | 09-03-2021 |
| സന്തോഷ് കുമാർ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2021 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷാജ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ദീപ രാജ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. പി ഷൈജി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സന്ധ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-12-2020 |
| ശ്രീമതി ബബിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2021 | 31-03-2021 |
| ശ്രീ വിനോദൻ പി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ രാജൻ | കൃഷി ഓഫീസർ | 01-04-2020 | 24-02-2021 |
| ശ്രീ. സുനിൽ കുമാർ | കൃഷി ഓഫീസർ | 25-02-2021 | 08-03-2021 |
| ശ്രീ. അതുൽ വി | കൃഷി ഓഫീസർ | 09-03-2021 | 31-03-2021 |
| ഡോ. സഹിന എ.കെ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.അനിന പി ത്യാഗരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 20-11-2020 |
| ഡോ. ഷബാന ബീഗം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-11-2020 | 31-03-2021 |
| ശ്രീ. പ്രജിത്ത് ടി.പി | വി.ഇ.ഒ (കതിരൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി വിനയ ഭാസ്കർ | വി.ഇ.ഒ (പൊന്ന്യം) | 01-04-2020 | 08-11-2020 |
| ശ്രീമതി ലത എം.വി | വി.ഇ.ഒ (പൊന്ന്യം) | 09-11-2020 | 31-03-2021 |

12-11-2020 മുതൽ 31-12-2020 വരെ കൃഷി ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ, സെക്രട്ടറി എന്നിവരടങ്ങിയ ഭരണ നിർവഹണ കമ്മറ്റിയാണ് നിലവിലുണ്ടായിരുന്നത്.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vipina Valsaraj (Senior Grade Auditor, On 21-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vipina Valsaraj (Senior Grade Auditor, On 27-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vipina Valsaraj (Senior Grade Auditor, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Vipina Valsaraj (Senior Grade Auditor, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 26-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-5 |
| 6 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sumathi.T.O (Auditor, On 25-12-2021)<br>Last Updated By: Sumathi.T.O (Auditor, On 25-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sumathi.T.O (Auditor, On 25-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 26-12-2021) | 1-9 |
| 10 | ഗ്രാമസഭ<br>Written By: Baburaj (Audit Officer, On 26-12-2021)<br>Last Updated By: Baburaj (Audit Officer, On 26-12-2021) | 1-10 |
| 11 | ആസ്തി പരിപാലനം<br>Written By: Vipina Valsaraj (Senior Grade Auditor, On 27-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 27-12-2021) | 1-11 |
| 12 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: Baburaj (Audit Officer, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-13 |
| 14 | എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Sumathi.T.O (Auditor, On 25-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-14 |
| 15 | തെരുവു ടാപ്പുകളുടെ വാട്ടർ ചാർജ് ഒടുക്കുന്നത്<br>Written By: Baburaj (Audit Officer, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-15 |
| 16 | തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കൽ -എഗ്രിമെന്റ് ഹാജരാക്കിയില്ല. 1229056/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Baburaj (Audit Officer, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 1-16 |
| 17 | എസ്.എൽ.ഐ. പ്രീമിയം - നിശ്ചിതനിരക്കിൽ ഈടാക്കുന്നില്ല.<br>Written By: Baburaj (Audit Officer, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-17 |
| 18 | ഐ.കെ.എം.ന് വിഹിതം നൽകിയത് - രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമല്ല- 60000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Baburaj (Audit Officer, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-18 |
| 19 | ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല - ഉപകരണങ്ങൾ വാങ്ങുന്നതിന് | 1-19 |

| | | |
|---|---|---|
| | ചെലവഴിച്ച ₹1198500 തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | |
| 20 | കുടുംബാരോഗ്യ കേന്ദ്രത്തിന് സോളാർ പാനൽ സ്ഥാപിക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Baburaj (Audit Officer, On 29-12-2021) | 1-20 |
| 21 | ജി.എസ്.ടി സ്രോതസ്സിൽ നിന്ന് ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 28-12-2021) | 1-21 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 26-12-2021) | 1-22 |
| 23 | ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 26-12-2021) | 1-23 |
| 24 | പാലിയേറ്റീവ് കമ്മിറ്റി യഥാസമയം ചേരുന്നില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 26-12-2021) | 1-24 |
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവരുടെ പേര് വിവരം ഡാറ്റാബേസിൽ നിന്ന് യഥാസമയം ഒഴിവാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 1-25 |
| 26 | മഴക്കാലപൂർവ്വ ശുചീകരണം-വൗച്ചറുകൾ ഹാജരാക്കിയില്ല-90000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Baburaj (Audit Officer, On 29-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-26 |
| 27 | ഹെഡ് മാസ്റ്റർ നിർവഹിച്ച പ്രോജക്ടുകൾ-ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.1131611/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Baburaj (Audit Officer, On 29-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vipina Valsaraj (Senior Grade Auditor, On 27-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 08-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 25-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 28-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഭരണസമിതിയുടെ 25.03.2020 ലെ 2/92/2020 നമ്പർ തീരുമാന പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.
ഭരണസമിതിയുടെ 12.02.21 ലെ 75/21നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 10243493.95 | 11607812.95 |
| വരവ് | 303742199 | 173661600 |
| ആകെ | 313985692.95 | 185269412.95 |
| ചെലവ് | 306420399 | 173521066 |
| നീക്കിയിരിപ്പ് | 7565293.95 | 11748346.95 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 10.05.2021 തീയതിയിലെ 3/116/21 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2021 | 11/05/2021 | തിരിച്ചയച്ചിട്ടില്ല | - |

ഓഡിറ്റിന്റെ ഭാഗമായി വാർഷിക കണക്കുകളുടെ പരിശോധന നടത്തി സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്
വാർഷീക ധനകാര്യ പത്രിക അപാകങ്ങൾ
1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ നീക്കിയിരിപ്പുള്ള 51500/- രൂപ സംയുക്ത പ്രൊജക്ടിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം എന്ന ഹെഡ്ഡിലാണ് ബി4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
4. നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.
5. മൂന്ന് വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17504264.95 |
| ഓഡിറ്റ് വർഷത്തെ വരവ് | 71330158 |
| ആകെ | 88834422.95 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 73382991 |
| നീക്കിയിരിപ്പ് | 15451431.95 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,09,167 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | കൃൂബിൽ തുക | ലാപ്സ് /നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 15057696 | 15057696 | 15050849 | | 6847 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 882000 | 882000 | 855123 | | 26877 |
| വികസന ഫണ്ട്-ടി.എസ്.പി | | | 1,67,000 | 1,67,000 | 0 | | 1,67,000 |
| മെയിന്റനൻസ്, റോഡ് | | 0 | 8703000 | 8703000 | 8449477 | 1060000 | 253523 (കൃൂ ബിൽ അടക്കം) |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4079000 | 4079000 | 4079000 | | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 10974618 | 10974618 | 10879204 | | 95414 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | | | 5400000 | 5400000 | 1688188 | - | 3711812 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | | |
| ഐ.സി.ഡി.എസ് | | 7379 | 955209 | 962588 | 961688 | - | 900 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | ഭരണ ചെലവ് | 1922 | 966893 | 968815 | 960762 | | 998 (7055 രൂപ തിരിച്ചടച്ചു) |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 17387078 | 17387078 | 17387078 | | |
| ടി.എസ്.സി | | 171621 | | 171621 | | | 171621 |

| | | | | | | |
|---|---|---|---|---|---|---|
| എം പി ഫണ്ട് | 17 | 3 | 20 | 0 | | 20 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| കുടുംബശ്രീ | 1250000 | | 1250000 | 1198500 | | 51500 |
| ശുചിത്വം | | 2679101 | 2679101 | 593458 | | 2085643 |
| സാക്ഷരത | 10,637 | 429 | 11066 | 0 | | 11066 |
| ജലനിധി | 7,96,233 | 32671 | 828904 | 18 | | 828886 |
| വിമുക്തി | 33000 | | 33000 | | | 33000 |
| ജില്ലാതലത്തിൽ ബെസ്റ്റ് പഞ്ചായത്തിനുള്ള സംസ്ഥാന സർക്കാർ അവാർഡ് | 797955 | | 797955 | | | 797955 |
| ഖരമാലിന്യം | 738199 | | 738199 | | | 738199 (തിരിച്ചടച്ചു) |
| അദർ റവന്യൂ ഗ്രാന്റ്സ് | | 578462 | 578462 | 482984 | | 35478 (തിരിച്ചടച്ചു) |
| സംസ്ഥാനാവിഷ്കൃതം – അദേഴ്സ് | | 290000 | 290000 | 290000 | | |

G.O പ്രോജക്ടുകളായ അങ്കണവാടി ഹോണറേറിയം, വോട്ടിംഗ് മെഷീൻ എന്നിവയുടെ തുകകൾ യഥാക്രമം വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റോഡ് സംരക്ഷണ ഗ്രാന്റ് 10.6 ലക്ഷം രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. തൻ വർഷം 42.61 ലക്ഷം രൂപ ചെലവഴിക്കാതെ ലാപ്സായിട്ടുണ്ട്. വിവിധ ഗ്രാന്റിന്റെ ചെലവ് ശതമാനം ഇപ്രകാരമാണ് .

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 99.95 |
| എസ് സി പി | 96.95 |
| മെയിന്റനൻസ്, റോഡ് | 97.08 |
| മെയിന്റനൻസ്, നോൺ-റോഡ് | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 99.13 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 31.26 |

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി ലഭിച്ച ഗ്രാന്റുകൾ മുഴുവൻ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് . തൻവർഷ ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാന്റ് വിനിയോഗ പത്രികയിൽ വാർഷിക കണക്കിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗവിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം 2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം ) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | ഭാഗീകമായി നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ (എണ്ണം ) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | (എണ്ണം ) | | | ശതമാനം |
| 163 | 140 | 79754644 | 4 | 52009228 | 23 | 83.43 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 6319507 | 16 | 4045173 | 12 | 64.01 |
| കൃഷി ഓഫീസർ | 4102049 | 12 | 2995980 | 11 | 73.03 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- കതിരൂർ | 3497700 | 13 | 1604454 | 10 | 45.87 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- പൊന്ന്യം | 7625000 | 4 | 2315000 | 4 | 30.36 |
| വെറ്ററിനറി സർജ്ജൻ | 2424802 | 9 | 2305802 | 9 | 95.09 |
| മെഡിക്കൽ ഓഫീസർ -ആയുർവേദ | 8,00,000 | 1 | 8,00,000 | 1 | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2455993 | 7 | 21,80,675 | 6 | 88.78 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 4,50,000 | 2 | 400000 | 1 | 88.88 |
| അസിസ്റ്റന്റ് സെക്രട്ടറി | 1970750 | 7 | 1794874 | 7 | 91.07 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 40209552 | 73 | 26190620 | 63 | 65.13 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 3479380 | 4 | 3230486 | 4 | 92.84 |
| ഹെഡ് മാസ്റ്റർ | 4552911 | 12 | 4146164 | 12 | 91.06 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 700000 | 1 | 0 | 0 | 0 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1167000 | 2 | 0 | 0 | 0 |
| | 79754644 | 163 | 52009228 | 140 | 65.21 |

ആസൂത്രണ സമിതി

2020-21 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 23-12-19ന് ആസൂത്രണസമിതി യോഗം ചേർന്നിട്ടുണ്ട്. 11 പേരാണ് യോഗത്തിൽ പങ്കെടുത്തത് . പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. നിർവ്വഹണസമയക്രമ പട്ടിക തയ്യാറാക്കുകയും ദുരന്ത നിവാരണത്തിന് പ്രത്യേക പ്രോജക്ട് തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു.

വർക്കിംഗ് ഗ്രൂപ്പ് -

പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തികവർഷാവസാനം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ 2020-21 വർഷം വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം നടന്നതായി മിനിട്സിൽ രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റി

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഏപ്രിൽ മുതൽ ഒക്ടോബർ വരെ പ്രതിമാസം യോഗം ചേർന്നിട്ടുണ്ട്. എന്നാൽ നവംബർ മുതൽ മിനിട്സിൽ രേഖപ്പെടുത്തലുകളില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മുൻ മാസത്തെ വരവ് ചെലവ് കണക്കുകൾ ചർച്ചചെയ്യുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. വിവിധ പിരിവിനങ്ങളിലെ പുരോഗതിചർച്ച ചെയ്യുന്നുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിവിധ സാമൂഹ്യസുരക്ഷപെൻഷൻ അപേക്ഷകൾ പരിശോധിക്കുകയും അവയിൽ വേണ്ട തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെകാര്യത്തിൽ മേൽനോട്ടം ഉണ്ടാവുന്നതിനും ഉതകുന്ന കൂടുതൽ ചർച്ചകൾ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഉണ്ടാവേണ്ടതുണ്ട്.വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി യോഗങ്ങളിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ നടപടി ക്രമങ്ങളും ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.

## 1-6 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1922 | 966893 | 968815 | 960762 | 7055 | 998 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17387078 | 17387078 | 17387078 | | |

കതിരൂർ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി 2020-2021 വർഷത്തേ ആക്ഷൻപ്ലാനിൽ 340 പദ്ധതികളായിരുന്ന ഉണ്ടായിരുന്നത്. 96 എണ്ണം തൻവർഷം നടപ്പാക്കുകയും 35 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ആസ്തി രൂപീകരണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

- ആകെ പദ്ധതികളുടെ എണ്ണം-213
- നടപ്പാക്കിയവയുടെ എണ്ണം -75
- ആകെ അടങ്കൽ 2025492
- ആകെ ചെലവ് 1519119
- 2020-21 ൽ ലക്ഷ്യമിട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം 56064
- ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം 48391
- തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം 661
- നൂറ്തൊഴിൽദിനങ്ങൾലഭിച്ചകുടുംബങ്ങളുടെഎണ്ണം334
- കതിരൂർ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി 2020-2021 വർഷത്തേ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 17 മിനി എം.സി.എഫുകൾ തൻവർഷം പഞ്ചായത്തിൽ നിർമ്മിക്കുകയുണ്ടായി.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3578800 | 242 |
| തൊഴിൽരഹിത വേ തനം | - | - |
| വിധവാ പെൻഷൻ | 17154200 | 1213 |
| വാർധക്യകാല പെൻഷൻ | 37241000 | 2929 |
| ഭിന്ന ശേഷിക്കാരുടെ പെൻഷൻ | 5182200 | 366 |
| അവിവാഹിത പെൻഷൻ | 5488600 | 386 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2021 തീയ്യതിയിൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 26,727 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2020-21 ലെ ആദ്യ സ്റ്റാഫ് മീറ്റിങ് 29.07.20 ന് ചേർന്നു.ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ തീരുമാനങ്ങളെടുത്തു. 8,9 മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. 19.10.20 ന് നടന്ന യോഗത്തിൽ രണ്ടാഴ്ച ഇടവിട്ട് ജീവനക്കാരുടെ യോഗം ചേരാൻ തീരുമാനിച്ചു.എന്നാൽ തുടർന്നുള്ള യോഗങ്ങൾ 28.11.20,07.12.20,01.01.21,12.02.21 എന്നീ തീയ്യതികളിലാണ് നടന്നത്. ഓഫീസ് ഓർഡർ മുഖേന ജോലികൾ വിഭജിച്ച് നൽകുന്നുണ്ട്. ജീവനക്കാർ തുടർച്ചയായ അവധി എടുക്കുന്ന സാഹചര്യങ്ങളിൽ മറ്റ് ജീവനക്കാർക്ക് ചുമതലകൾ ഏൽപിച്ച നൽകുന്നുണ്ട്. ജിവനക്കാരുടെ സമയനിഷ്ഠത ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## 1-10 ഗ്രാമസഭ

2020-21വർഷത്തിൽ07.02.2021 ന് മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2020-21 പദ്ധതി രൂപീകരണവും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ആക്ഷൻപ്ലാൻ രൂപീകരണവുമാണ് യോഗം ചർച്ച ചെയ്തത്.

## 1-11 ആസ്തി പരിപാലനം

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. എന്നാലിവിടെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കുകയോ ആയത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-12 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നല്ല നിലയിൽ തന്നെ നടന്നിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദേശപ്രകാരം എമർജൻസി റസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട് ഓരോ വാർഡിലും 12 അംഗങ്ങൾ വീതം അടങ്ങുന്നതാണ് ഈ ടീം. ലോക്കൽ റസ്പോൺസ് ഗ്രൂപ്പുകൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇവ 20 പേർ വീതം അടങ്ങുന്ന രീതിയിലാണ് രൂപീകരിച്ചിരുന്നത്. ഇൻസിഡന്റൽ റസ്പോൺസ് ടീമും ഇതോടൊപ്പം രൂപീകരിച്ചിരുന്നു. ഇവ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പുനരധിവസിപ്പിക്കേണ്ടുന്ന ദുരിതബാധിതരെ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും വാർഡു തലത്തിലും മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ഓരോ വാർഡിൽ നിന്നും ആറു പേർ വീതം അടങ്ങുന്ന 108 പേർ അടങ്ങുന്ന കമ്മിറ്റിയാണ് രൂപീകരിച്ചത്.

ഗ്രാമ പഞ്ചായത്ത് ഓഫീസിലും എല്ലാ വാർഡുകളിലും സുപ്രധാന കേന്ദ്രങ്ങളിലും ഹാന്റ് വാഷ് ,വെള്ളം എന്നിവ ക്രമീകരിച്ചിരുന്നു. സോഷ്യൽ മീഡിയ വഴിയും നോട്ടീസ് ,മൈക്ക് അനൗൺസ്മെന്റ് തുടങ്ങിയ വഴിയും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആശാവർക്കർ, അധ്യാപകർ, മറ്റു സർക്കാർ ജീവനക്കാർ, സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങുന്ന സംഘം ശക്തമായ നിരീക്ഷണം നടത്തുകയുണ്ടായി. കിടപ്പു രോഗികൾ, ആശ്രയ ഗുണഭോക്താക്കൾ, പട്ടികജാതി വിഭാഗക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. രണ്ട് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചുവന്നിരുന്നു. പൊതുജനങ്ങളും അതുപോലെ രാഷ്ട്രീയ, സാമൂഹിക, സഹകരണ സ്ഥാപനങ്ങളും സൗജന്യമായി പച്ചക്കറി പലവ്യഞ്ജനങ്ങൾ എന്നിവ ഇവയ്ക്ക് എത്തിച്ചു നൽകിയിരുന്നു.

സേവന സന്നദ്ധരായ ഡോക്ടർമാരെ ഏകോപിപ്പിച്ചുകൊണ്ട് വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി പൊതുജനങ്ങൾക്ക് സൗജന്യ സേവനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് .വളണ്ടിയർമാർ മരുന്നുകൾ എത്തിച്ചുകൊടുക്കുകയുണ്ടായി. ആയുർവേദ ഹോമിയോ പ്രതിരോധ മരുന്നുകളും ഇപ്രകാരം എത്തിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അഞ്ചുലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ എല്ലാ വ്യാഴാഴ്ചകളിലും 11 മണിമുതൽ ഒരുമണിവരെ പോസ്റ്റ് കോവിഡ് രോഗികളെ ചികിത്സിക്കുന്ന സജ്ജീകരണം ഏർപ്പെടുത്തിയിരുന്നു. ഒക്ടോബർ 2021 ൽ പഞ്ചായത്തിൽ വാക്സിനേഷന്റെ ആദ്യ ഡോസ് നൂറുശതമാനവും പൂർത്തിയായിട്ടുണ്ട്. 200 കുടിയേറ്റ തൊഴിലാളികൾക്ക് തൊഴിൽ നൽകിയിട്ടുമുണ്ട്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കതിരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സൂര്യനാരായണ ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിലെ വകുപ്പ് 204(1)ii എ (Ii) പ്രകാരം ഓരോ അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ ജോലി ചെയ്താൽ നികുതിക്ക് വിധേയനാകുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/21-12-2021) നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയത് അടവാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്ഷേത്രത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ പറയും പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|
| 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 1711 |
| 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 101 |
| 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണം ഉള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 45 |

| ആകെ | 1857 |
|---|---|

മേൽ പറഞ്ഞ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1857 കെട്ടിടങ്ങൾ ഉള്ളതിൽ എഫ് ടി ഇ എ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 658 കച്ചവട സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ട്.ഇപ്രകാരം ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/24-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഫീയിനത്തിലുള്ള വരുമാന നഷ്ടം വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 തെരുവു ടാപ്പുകളുടെ വാട്ടർ ചാർജ് ഒടുക്കുന്നത്

സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ 24 ടാപ്പുകൾക്കായി പ്രതിമാസം 15750/- രൂപ നിരക്കിൽ വാട്ടർ അതോറിറ്റിക്ക് ഒടുക്കി വരുന്നുണ്ട്. വാട്ടർ ചാർജ്ജ് നൽകേണ്ടി വരുന്ന 24 ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുകയും പ്രവർത്തനക്ഷമത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിരവധി തവണ വാട്ടർ അതോറിറ്റിക്ക് അറിയിപ്പ് നൽകിയെങ്കിലും സംയുക്ത പരിശോധന ഇതുവരെ നടത്തിയിട്ടില്ല എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് പണമൊടുക്കുന്ന സ്ഥിതി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സംയുക്തപരിശോധന എത്രയും പെട്ടന്ന് നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കൽ -എഗ്രിമെന്റ് ഹാജരാക്കിയില്ല. 1229056/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പറും പേരും | പ്രോജക്ട് നം. SO 084/21-തെരുവ് വിളക്ക സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ |
| ബിൽ നമ്പർ | 1/11.4.2020-1200000 (വികസന ഫണ്ട്)<br>39/20.5.2020-29056 (തനത് ഫണ്ട്) |
| നിർവഹണ ഏജൻസി | കെ.എസ്.ഇ.ബി |

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കുന്നതിനുള്ള സെക്രട്ടറിയുടെ പ്രോജക്ട് നമ്പർ 84 /21 ന്റെ ഭാഗമായി 1229056 രൂപ, കെഎസ്ഇബി കതിരൂർ സെക്ഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് എഗ്രിമെന്റ് ഉൾപ്പെടെ ഒരു രേഖയും ഫയലിൽ ലഭ്യമല്ല. എഗ്രിമെൻറ് തയ്യാറാക്കുന്നതിനായി 200 രൂപയുടെ മുദ്രപത്രം കെഎസ്ഇബി ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. (16.1 .2019 കത്ത് പ്രകാരം). പ്രവൃത്തി പൂർത്തീകരിച്ചതായോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായോ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. ഇപ്പോഴത്തെ സ്ഥിതി അറിയിക്കേണ്ടതാണ് എന്നും എഗ്രിമെന്റ് ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനും (ഓഡിറ്റ് അന്വേഷണം നം.19, തീയതി 23.12.2021) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ 1229056/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-17 എസ്.എൽ.ഐ. പ്രീമിയം - നിശ്ചിതനിരക്കിൽ ഈടാക്കുന്നില്ല.

ജി.ഒ(പി) നം.149/2016 തീയതി 4.10.2016 പ്രകാരം എസ്.എൽ.ഐ.പോളിസിയുടെ സബ്സ്ക്രിപ്ഷൻ ഇനത്തിൽ താഴെ പറയും പ്രകാരമുള്ള തുക ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു.

അടിസ്ഥാനശമ്പളം 18000 മുതൽ 35699 വരെ ----300 രൂപ

അടിസ്ഥാനശമ്പളം 35700 മുതൽ 55349 വരെ -----500 രൂപ

ഗ്രാമ പഞ്ചായത്ത് ആഫീസിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സന്തോഷ് കുമാർ.ജി , അക്കൗണ്ടന്റ് ശ്രീമതി. ഷബാന.കെ.വി എന്നിവരുടെ അടിസ്ഥാന ശമ്പളം 2021 മാർച്ച് മാസത്തിൽ യഥാക്രമം 38500/- രൂപയും 36600/- രൂപയും ആണ്. ഇവരുടെ പ്രീമിയം തുക മേൽ ഉത്തരവ് പ്രകാരം 500/- രൂപ നിരക്കിൽ ഈടാക്കേണ്ടതിനു പകരം യഥാക്രമം 400/- രൂപയും 475/- രൂപയും ആണ് ഈടാക്കി വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി ഈ ജീവനക്കാരുടെ പ്രീമിയം 2022 ജനുവരി മാസം മുതൽ 1000/ -രൂപയായി വർദ്ധിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ജി.ഒ (പി) നം. 159/2021/ധന തീയതി 30.11.2021 പ്രകാരമുള്ള നിരക്ക് വർദ്ധന എല്ലാ ജീവനക്കാരുടെ കാര്യത്തിലും വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കേണ്ടതാണ്.

## 1-18 ഐ.കെ.എം.ന് വിഹിതം നൽകിയത് - രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമല്ല-60000/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറിയുടെ പ്രോജക്ട് നമ്പർ 3/ 21 പ്രകാരം ഐ.കെ.എമ്മിന് 60,000/- രൂപ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. (പൊതുവിഭാഗം -സാധാരണ വിഹിതം -ബിൽ നം.98/29.09.2020 , BRN No.20220352009800573206 ). ഫയലിൽ മറ്റു വിവരങ്ങൾ ഒന്നുമില്ല. ഐ.കെ.എം. കൈപ്പറ്റിയ തുകയുടെ രശീതിയോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ

അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുകയായ 60000/-രൂപ തടസ്സപ്പെടുത്തുന്നു. രശീതിയും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല - ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച ₹1198500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 219/21 ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹1250000 സംസ്ഥാനാവിഷ്കൃത വിഹിതം |
| ചെലവ് | ₹1198500 |

ബഡ്സ് സ്കൂളിന് അടിസ്ഥാന സൌകര്യം ഒരുക്കൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | വൌച്ചർ നമ്പർ/തീയതി | തുക നൽകിയത് | വാങ്ങിയ ഉപകരണം |
|---|---|---|---|---|
| 1 | 65251 | 22000964/03-03-2021 | ഷൈൻ സ്റ്റാർ ഏജൻസീസ് | 2214/19-02-21 പ്രകാരം 150 പ്ലാസ്റ്റിക് ചെയർ |
| 2 | 88824 | 22001072/17-03-2021 | ശ്രീകനി അൽടെക് | അടുക്കള പാത്രങ്ങൾ |
| 3 | 1775 | 22001173/29-03-2021 | ശ്രീകനി അൽടെക് | |
| 4 | 126195 | 22001073/17-03-2021 | റബ്കോ | ഫർണിച്ചർ |
| 5 | 472617 | 22001174/29-03-2021 | റാസ് റിഹാബ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | ടീച്ചിംഗ് ,ലേണിംഗ് മെറ്റീരിയൽസ് ഫോർ സ്പെഷൽ എജ്യുക്കേഷൻ |
| 6 | 443838 | 22001175/29-03-2021 | റാസ് റിഹാബ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | തെറാപ്പി മെറ്റീരിയൽസ് |

മേൽ കൊടുത്ത പ്രകാരം ഉപകരണങ്ങളെല്ലാം വാങ്ങി കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് സ്കൂൾ കെട്ടിടത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതു വരെയായും ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 05-09-2020 ന് കെട്ടിടം ഔപചാരികമായി ഉദ്ഘാടനം ചെയ്തിട്ടും സ്കൂളിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22-12-2021) ലഭ്യമാക്കിയ മറുപടിയിൽ കോവിഡിന്റെ വ്യാപനം കതിരൂർ ഗ്രാമ പഞ്ചായത്തിൽ തീവ്രമായി ബാധിച്ചതിനാലാണ് സ്കൂൾ തുറക്കാൻ കഴിയാതിരുന്നതെന്നും ഓൺലൈൻ വഴിയെങ്കിലും 2022 മാർച്ച് 31 നകം സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ വൈദ്യുതി, വെള്ളം ഇവയുടെ കണക്ഷൻ ലഭ്യമായിട്ടില്ല. പൂർണ്ണമായും പ്രവർത്തന സജ്ജമാകാത്ത സ്ഥാപനത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച ₹1198500 തടസ്സപ്പെടുത്തുന്നു. സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 കുടുംബാരോഗ്യ കേന്ദ്രത്തിന് സോളാർ പാനൽ സ്ഥാപിക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| അടങ്കൽ | ₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ₹28000 തനത് ഫണ്ട് |
| | ₹228000 |
| ചെലവ് | ₹200000 |
| ബിൽ നമ്പർ/തീയതി | 20220352009900279424/15-06-2020 |

കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ടിന് ഡെപ്പോസിറ്റ് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. 24-12-2019 ലെ Dw-3/spv/ANERT(knr)/2019-20 നമ്പർ പ്രകാരം 528000 രൂപയുടെ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. 2019-20 വർഷം ചെലവഴിച്ച 300000 രൂപയുൾപ്പെടെ 500000 രൂപ പ്രസ്തുത പ്രൊജക്ടിന് വേണ്ടി അനർട്ടിന് നൽകിയിട്ടുണ്ട്.എന്നാൽ സോളാർ പാനൽ സ്ഥാപിച്ചതിന്റെ രേഖ, തുക വിനിയോഗിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/21-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.സോളാർ പാനൽ സ്ഥാപിച്ചതിന്റെ രേഖയും തുക വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 ജി.എസ്.ടി സ്രോതസ്സിൽ നിന്ന് ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

2017 ലെ ചരക്ക് സേവന നികുതി ആക്ടിലെ സെക്ഷൻ 51(1) പ്രകാരം ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് പിടിക്കേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നമ്പർ 50/2018 – സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.
എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ (219/21) എന്ന പ്രൊജക്ട് പ്രകാരം ചെലവഴിച്ച താഴെ പറയുന്ന ബിൽ തുകയിൽ സ്രോതസ്സിൽ നിന്ന് ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

| ഇൻവോയ്സ് നമ്പർ /തീയതി | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|
| RAS/20-21-0013/24-03-2021 | 462461 (12% ജി.എസ്.ടി ഉൾപ്പെടെ) | റാസ് റിഹാബ് സൊല്യൂഷൻസ് |
| RAS/20-21-0014/24-03-2021 | 492755 (12% ജി.എസ്.ടി ഉൾപ്പെടെ) | റാസ് റിഹാബ് സൊല്യൂഷൻസ് |

മേൽ പറഞ്ഞ പ്രകാരം ജി.എസ്.ടി ഒഴികെയുള്ള തുകയ്ക്ക് 2% നിരക്കിൽ (1% SGST+1%CGST) ടി.ഡി.എസ് കുറവ് ചെയ്യാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/24-12-2021) ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി കഴിച്ചുള്ള 439960 രൂപ,412912 രൂപ എന്നിവയിൽ നിന്ന് 2% ടി.ഡി.എസ് പിടിക്കേണ്ടിയിരുന്ന 17058 രൂപ ടി സ്ഥാപനത്തിൽ നിന്ന് ഈടാക്കി ജി.എസ് ടി വകുപ്പിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹187500 വികസന ഫണ്ട്(ജനറൽ) |
| | ₹187500 മറ്റുള്ളവ |
| | ₹375000 |
| ചെലവ് | ₹187500 വികസന ഫണ്ട്(ജനറൽ) |
| | ₹187500 മറ്റുള്ളവ |
| | ₹375000 |
| ബിൽ നമ്പർ/തീയതി | 20220352011800940657/13-01-2021 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം ₹187500 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട് . തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

കതിരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളിലേക്ക് സ്നേഹശ്രീ കുടുംബശ്രീ, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് വിതരണം ചെയ്തിട്ടുണ്ട്.സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലൊരു ലാബ് പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ന്യൂട്രിമിക്സ് സാമ്പിളുകളുടെ ലാബ് പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/24-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്

## 1-24 പാലിയേറ്റീവ് കമ്മിറ്റി യഥാസമയം ചേരുന്നില്ല

സ.ഉ(സാധാ)നം.553/2019/ത.സ്വ.ഭ.വ തീയതി 07-03-2019 നമ്പർ ഉത്തരവ് ഖണ്ഡിക 2.9.1 പ്രകാരം രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ പി.എം.സി യോഗം ചേരേണ്ടതാണെന്നും പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതും പരിഹാര നടപടികൾക്കുള്ള തീരുമാനമെടുക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ 05-11-2021,04-03-2021 തീയതികളിൽ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. സർക്കാർ ഉത്തരവുകൾ പാലിച്ച് യോഗം ചേരേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവരുടെ പേര് വിവരം ഡാറ്റാബേസിൽ നിന്ന് യഥാസമയം ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള, മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന വെബ്സൈറ്റിൽ റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക്

കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പെൻഷണറുടെ പേര് | പെൻഷണർ ഐഡി | ആധാർ നമ്പർ | മരിച്ച തീയതി | പെൻഷൻ തരം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രാഘവൻ പി | 111470200511 | 269283599176 | 13-05-2020 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/2020 മുതൽ 11/2021 വരെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 2 | ആർ.പി സുരേന്ദ്രൻ | 111470100434 | 849137499916 | 15-05-2020 | കർഷക തൊഴിലാളി പെൻഷൻ | 05/2020 മുതൽ 11/2021 വരെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 3 | നാണി.കെ | 111470203002 | 444532754600 | 06-06-2020 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 06/2020 മുതൽ 11/2021 വരെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 4 | ഒ. കുഞ്ഞിക്കണ്ണൻ | 111470202551 | 814590780370 | 30-03-2020 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/2019 മുതൽ 12/2020 വരെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 5 | നബീസു.കെ.എം | 111470600656 | 780686014204 | 08-06-2020 | വിധവാ പെൻഷൻ | 05/2020 മുതൽ 11/2021 വരെ തുക ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 6 | രാധാകൃഷ്ണൻ.എൻ | 111470200865 | 617319968822 | 16-06-2020 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/2020 മുതൽ 11/2021 വരെ തുക ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 7 | ഹാജറ.കെ.എൻ | 102210602327 | 887323340963 | 13-01-2020 | വിധവാ പെൻഷൻ | 12/2019 മുതൽ 04/2020 വരെ തുക ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 8 | പ്രേമ.പി.സി | 102210601428 | 990437977198 | 15-07-2020 | വിധവാ പെൻഷൻ | 07/2020 മുതൽ 09/2020 വരെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| 9 | രാഘവൻ കടത്തനാടൻ | 11470201545 | 723567079472 | 23-07-2020 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/2020 മുതൽ 10/2020 വരെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെയ്തിട്ടുണ്ട്. |
| 10 | ചക്യത്ത് ജാനു | 111470201888 | 526817540516 | 29-08-2020 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/2020 മുതൽ 11/2021 വരെ ബേങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |

മരണപ്പെട്ടവരുടെ പേര് വിവരം ഡാറ്റാബേസിൽ നിന്ന് യഥാസമയം ഒഴിവാക്കാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/23-12-2021) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 4,5,6,7,8,9 എന്നിവ സസ്പെൻഡ് ചെയ്ത് തുക തിരിച്ചൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ക്രമ നമ്പർ 1,2,3,10 എന്നിവ സസ്പെന്റ് ചെയ്ത് ബാങ്കിന് നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന ,മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.അധികം നല്കിയ തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 മഴക്കാലപൂർവ്വ ശുചീകരണം-വൗച്ചറുകൾ ഹാജരാക്കിയില്ല-90000/- രൂപ തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി സെക്രട്ടറിയുടെ വൗച്ചർ നം.22000322 തീയതി 22.8.2020 പ്രകാരം 18 വാർഡുകൾക്ക് 5000/- രൂപ നിരക്കിൽ 90000 രൂപ ലഭ്യമാക്കുന്നിനായി പി.എച്ച്.സി.മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഹെഡ് മാസ്റ്റർ നിർവഹിച്ച പ്രോജക്ടുകൾ-ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.1131611/- രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പരാമർശിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൽ താഴെ പറയുന്ന പോരായ്മകൾ കാണുന്നു.

| പ്രോജക്ട് നം | വിശദാംശങ്ങൾ | ചെലവ് തുക | വാങ്ങിയ സ്ഥാപനം | ബിൽ റഫറൻസ് നംപർ | അപാകതകൾ |
|---|---|---|---|---|---|
| നം.199/21 | സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ | 167010 | ഡ്രീം ഹോം ഫർണിച്ചർ | 202203520119 01436949 | സാധനങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ഇല്ല. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ, സ്ഥാപനത്തിന്റെ ഇൻവോയ്സ് തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. സാധനം കൈപ്പറ്റിയതായി ബന്ധപ്പെട്ട വിദ്യാലയങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| No. 92/2021 | സ്കൂളുകൾക്ക് പാചക പാത്രവിതരണം | 75000 | ഫിഡ്കോ എന്റർപ്രൈസസ് | 202203520119 00028793 | ടെണ്ടർ/ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ, സ്ഥാപനത്തിന്റെ ഇൻവോയ്സ് തുടങ്ങിയവ ലഭ്യമല്ല.സാധനങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്തതായി നിർവഹണോദ്യോഗസ്ഥൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനം സാധനങ്ങൾ കൈപ്പറ്റിയതായി രശീതി ഇല്ല |
| No.31/2021 | രണ്ടാം ക്ലാസ് ഒന്നാംതരമാക്കൽ ഫർണിച്ചർ വാങ്ങൽ | 57000 36800 | അസിം ഡിസൈനേഴ്സ് &ഇന്റീരിയേഴ്സ് | 202203520119 01417838 | ടെണ്ടർ/ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ, സ്ഥാപനത്തിന്റെ ഇൻവോയ്സ് തുടങ്ങിയവ |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമല്ല.സാധനങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്തതായി നിർവഹണോദ്യോഗസ്ഥൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനം കൈപ്പറ്റിയതായി രശീതി ഇല്ല |
| No.40/2021 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | 87399 708402 | അസിം ഡിസൈനേഴ്സ് &ഇന്റീരിയേഴ്സ് റബ്കോ എന്റർ പ്രൈസസ് | 202203520119 01417846 | ടെണ്ടർ/ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ, സ്ഥാപനത്തിന്റെ ഇൻവോയ്സ് തുടങ്ങിയവ ലഭ്യമല്ല.സാധനങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്തതായി നിർവഹണോദ്യോഗസ്ഥൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സാധനങ്ങൾ സ്ഥാപനം കൈപ്പറ്റിയതിന്റെ രശീതി ഇല്ല |

പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾ കൃത്യമായി നടപ്പിലാക്കി എന്ന് മോണിറ്ററിങ്ങ് റിപ്പോർട്ടിന്റെ അഭാവത്തിൽ വിലയിരുത്താൻ കഴിയില്ല.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. 29 തീയതി 24.12.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 1131611/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17.12.2021മുതൽ 18.12.2021 വരെ | കെ.എസ്.എ/കെ.എൻ.ആർ /സി9/1502/2021 തീ. 08.02.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 68000 | 20/21നെൽകൃഷിയ്ക്ക് വിത്ത്, കൂലിചെലവ് സബ്സിഡി | 68000 | |

| | | | | |
|---|---|---|---|---|
| | 127500 | 24/21പച്ചക്കറികൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 127500 | |
| | 1,40,000 | 153/21സുഭിക്ഷകേരളം-നെൽകൃഷി വ്യാപനം | 1,40,000 | |
| | 1,37,998 | 41/21സാന്ത്വന ചികിത്സ | 1,37,998 | |
| | 2,00,000 | 93/21കുടുംബാരോഗ്യകേന്ദ്രത്തിന് സോളാർ സ്ഥാപിക്കൽ | 2,00,000 | |
| | 2,00,000 | 28/21ശാരീരികമാനസീകവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | |
| ജില്ലാ പഞ്ചായത്ത് | 48,583 | 41/21 സാന്ത്വന ചികിത്സ | 48583 | |
| | 25000 | 152/21സുഭിക്ഷകേരളം-കരനെൽകൃഷി | 25000 | 0 |
| | 62500 | 159/21സുഭിക്ഷകേരളം- ആട് വളർത്തൽ മിനി ഫാം | 62500 | 0 |
| | 200000 | 28/21ശാരീരികമാനസീകവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | |
| | 200000 | 106/21ശാരീരികമാനസീകവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുൻ വർഷം ലഭിച്ചതിൽ 45000/- രൂപ ഗവൺമെന്റ് എൽ.പി സ്കൂൾ ഒന്നാം ക്ലാസ് ഒന്നാംതരം എന്ന 91/21-ാം നമ്പർ പ്രൊജക്റ്റിനായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനമ്പർ | തുക | ചെലവ് | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| KSEB | തെരുവ് വിളക്ക് സ്ഥാപിക്കൽ | 1/11.04.2020<br>39/20.05.2020 | 1200000(വികസനഫണ്ട്)<br>29056(തനത്ഫണ്ട്) | 1229056 | പൂർത്തീകരണവിവരം ലഭ്യമല്ല | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,2014-15 | 2-3 | 2016-17 | ഖ.2 | സ്ഥാപന തൊഴിൽ | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | 2-4 | | | നികുതി<br>മണപ്പുറം ഫൈനാൻസിയേഴ്സ് -ഇംഗ്ലീഷ് മീഡിയം സ്കൂൾ | നിലനിൽക്കുന്നു. |
| 2015-16 | 2-3 | 2016-17 | ഖ.2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,13,30,158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,33,82,991 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെട്ടത്തിയ തുക | 3709167 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെട്ടത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 12,29,056 | ശ്രീ.സുജിത്ത് കുമാർ പയ്യമ്പള്ളി (സെക്രട്ടറി) |
| 1-18 | 60000 | ശ്രീ.സുജിത്ത് കുമാർ പയ്യമ്പള്ളി (സെക്രട്ടറി) |
| 1-19 | 11,98,500 | ശ്രീ.സന്തോഷ് കുമാർ ജി(അസിസ്റ്റന്റ് സെക്രട്ടറി) |
| 1-26 | 90000 | ശ്രീ.സുജിത്ത് കുമാർ പയ്യമ്പള്ളി (സെക്രട്ടറി) |
| 1-27 | 1131611 | ശ്രീ.വിനോദൻ.പി,ഹെഡ് മാസ്റ്റർ,ജി.എൽ.പി,എസ്.പുല്ല്യോട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സുജിത്ത് കുമാർ പയ്യമ്പള്ളി | സെക്രട്ടറി<br>പാട്യം ഗ്രാമ പഞ്ചായത്ത് | രാജു ഭവൻ,<br>പിണറായി |
| ശ്രീ.സന്തോഷ് കുമാർ ജി | അസിസ്റ്റന്റ് സെക്രട്ടറി<br>കതിരൂർ ഗ്രാമ പഞ്ചായത്ത് | ഹേമാലയം,<br>TC 36/856<br>വള്ളക്കടവ് |

| | | |
|---|---|---|
| | | തിരുവനന്തപുരം |
| ശ്രീ.വിനോദൻ.പി. | വിരമിച്ചു. | ശ്രീപദം,ധർമടം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 6 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 4 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 7 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 11 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 16 |
| 2009-10,10-11 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 3 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 6 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി7/749/2019 തിയതി: 14.06.19 | 3 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി9/220/2021, തീയതി, 23.04.2021 | 5 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ. /സി.9/1018/2020 തിയ്യതി 05.01.2021 | 9 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ. /സി.9/691/2020 തിയ്യതി 03.11.2020 | 12 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.9/621/21 തീയ്യതി 10.12.2021 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kadirur Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17504264.95 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1385750.00 |
| 140000000 | Fees & User Charges | RP-4 | 2324925.00 |
| 150000000 | Sale & Hire Charges | RP-5 | 28882.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55997378.00 |
| 171000000 | Interest Earned | RP-9 | 286195.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5551068.00 |
| 350000000 | Other Liabilities | RP-36 | 77518.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 355095.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 46134.00 |
| 340000000 | Deposits Received | RP-34 | 235900.00 |
| 350000000 | Other Liabilities | RP-36 | 366457.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4674856.00 |
| | Grand total | | 88834422.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3147223.00 |
| 220000000 | Administrative Expenses | RP-12 | 951273.00 |
| 230000000 | Operations & Maintenance | RP-13 | 1433032.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5392068.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14840574.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 872762.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 579962.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 410000.00 |
| 255000000 | Maintenance Projects | RP-20 | 4138808.00 |
| 280000000 | Prior Period item | RP-26 | -454.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 780750.00 |
| 350000000 | Other Liabilities | RP-36 | 5285267.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 256.00 |
| 280000000 | Prior Period Item | RP-26 | -18240.00 |
| 311000000 | Earmarked Funds | RP-29 | 53000.00 |
| 340000000 | Deposits Received | RP-34 | 8750.00 |
| 350000000 | Other Liabilities | RP-36 | 2770050.00 |
| 410000000 | Fixed Assets | RP-38 | 11117945.00 |
| 412000000 | Capital work in Progress | RP-40 | 11701661.00 |
| 430000000 | Stock-in-hand | RP-42 | 51769.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7746618.00 |
| 460000000 | Loans, Advances and Deposits | RP-47 | 2119917.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 15451431.95 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 88834422.95 |

## അനുബന്ധം 3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kadirur Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6065481.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4(b) | 2708925.00 |
| 150000000 | Sale & Hire Charges | I-5(b) | 28882.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 148803383.00 |
| 171000000 | Interest Earned | I-8 | 286195.00 |
| 180000000 | Other Income | I-9 | 2402.00 |
| | Total Income | | 157895268.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11529083.00 |
| 220000000 | Administrative Expenses | I-11(b) | 1020708.00 |
| 230000000 | Operations & Maintenance | I-12(b) | 1612697.00 |
| 240000000 | Interest & Finance Charges | I-13 | 256.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6315260.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34440536.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1177387.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 579962.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 69054800.00 |
| 255000000 | Maintenance Projects | I-14(e) | 4180065.00 |
| 272000000 | Depreciation | I-17(a) | 13941289.00 |
| | Total Expenditure | | 143852043.00 |
| | Gross Surplus/ Deficit of income over Expenditure | | 14043225.00 |
| 280000000 | Prior Period Item | I-18 | 10309.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 14032916.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| Kadirur Grama Panchayat BALANCE SHEET<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25448599.36 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 422695.00 |
| 312000000 | Reserves | B-3 | 55082260.00 |
| | Total Reserve & Surplus | | 80953554.36 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5195277.00 |
| | Total Grants, Contributions for Specific Purposes | | 5195277.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 649307.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1328571.00 |
| | Total Current Liabilities and Provisions | | 1977878.00 |
| | TOTAL LIABILITIES | | 88126709.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 117798749.00 |
| 411000000 | Accumulated Depreciation | B-11 | -55073998.59 |
| 412000000 | Capital Work in Progress | B-11(a) | 357352.00 |
| | Total Fixed Assets | | 63082102.41 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 51769.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7818444.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 15451431.95 |
| 460000000 | Loans, Advances and Deposits | B-18 | 1722962.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 25044606.95 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 88126709.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.